റോഡ് വികസനത്തിന് ഭൂമി നൽകുന്നവർക്ക് കെട്ടിട നിർമ്മാണ വ്യവസ്ഥയിലിളവ്

122 (6040) ശ്രീ.അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ റോഡു വികസനത്തിനായി സൗജന്യമായി ഭൂമിവിട്ടു കൊടുക്കുന്നവർക്ക് ശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) സൗജന്യമായി സ്ഥലം നൽകുന്നവർക്ക് എന്ത് ഇളവുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്കായി നിലവിലുള്ള ഫ്ളോർ ഏരിയ റേഷ്യോയിൽ ഏത് തരത്തിലുള്ള ഇളവുകൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡു വികസനത്തിന് വേണ്ടി സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് ശേഷിക്കുന്ന ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ഉദാരമായ വ്യവസ്ഥകൾ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അദ്ധ്യായം XI-ൽ പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള ഈ വ്യവസ്ഥകളിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ഇ. എം. എസ്. ഭവന പദ്ധതി

123 (6041) ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി എന്നാണ് ഉദ്ഘാടനം ചെയ്തത് ;

(ബി) പദ്ധതി രൂപീകരണത്തിന് മുന്നോടിയായി സർക്കാർ പഠനം നടത്തിയിരുന്നുവോ ;

(സി) എന്തായിരുന്നു ഈ പഠനത്തിന്റെ കണ്ടെത്തൽ ;

(ഡി) 2007-08 മുതൽ ഓരോ വർഷവും നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്ര വീടുകളാണ് നിർമ്മാണത്തിലിരിക്കുന്നതെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly